## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ **735** **09-08-2017** ൽ മറുപടിക്ക്

### പട്ടികജാതി /പട്ടികവർഗ്ഗക്കാർക്ക് പ്രഖ്യാപിച്ച സഹായങ്ങൾ

| | ചോദ്യം<br>ശ്രീ.പി.കെ. ശശി | | മറുപടി<br>ശ്രീ എ.കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററി കാര്യവും വകുപ്പ് മന്ത്രി. |
|---|---|---|---|
| (എ) | പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ 2011 മുതൽ നാളിതുവരെ ഓരോ വർഷവും ഉൾപ്പെടുത്തിയ പദ്ധതികളും വകയിരുത്തിയ തുകയും ലഭിച്ച കേന്ദ്ര ധനസഹായവും ചിലവാക്കപ്പെട്ട തുകയും എത്ര എന്ന് വ്യക്തമാക്കുമോ; | (എ) | **പട്ടികജാതി വിഭാഗങ്ങൾ**<br>പട്ടികജാതി വകുപ്പിൻ കീഴിൽ 2011 മുതൽ ഓരോ വർഷവും ഉൾപ്പെടുത്തിയ പദ്ധതികളുടെയും വകയിരുത്തിയ തുകകളുടെയും ചിലവാക്കിയ തുകകളെയും സംബന്ധിച്ച വിവരങ്ങൾ കേന്ദ്ര സഹായം ഉൾപ്പെടെ അനുബന്ധം 1 ആയി ചേർക്കുന്നു.<br>**പട്ടികവർഗ്ഗ വിഭാഗങ്ങൾ**<br>പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ 2011 മുതൽ നാളിതുവരെ ഓരോ വർഷവും ഉൾപ്പെടുത്തിയ പദ്ധതികളിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ചുവടെ ചേർത്തിരിക്കുന്നു.<br>ഇതിൽ വിവിധ പദ്ധതികൾക്ക് ലഭിച്ച കേന്ദ്ര ധനസഹായം വിവരം അനുബന്ധം 2 ആയും ചേർക്കുന്നു. |

| വർഷം | ബഡ്ജറ്റ് വിഹിതം | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|
| 2011-12 | 197.71 | 167.44 | 84.69 |
| 2012-13 | 250.27 | 202.73 | 81 |
| 2013-14 | 358.47 | 303.34 | 84.62 |
| 2014-15 | 521.99 | 420.44 | 80.54 |
| 2015-16 | 543.27 | 409.93 | 75.46 |
| 2016-17 | 667.46 | 577.75 | 86.56 |
| 2017-18 | 714.39 | 85.93 | 12.03 |

| | | | |
|---|---|---|---|
| (ബി) | ഇവയിൽ 2011 മുതൽ ഓരോ വർഷവും പ്രഖ്യാപിച്ചതും വകയിരുത്തിയതുമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എത്ര, വിതരണം ചെയ്ത തുക എത്ര, ഇതിനായി ലഭിച്ച കേന്ദ്ര സഹായം എത്ര, സംസ്ഥാന വിഹിതം എത്ര; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | **<u>പട്ടികജാതി വിഭാഗങ്ങൾ</u>**<br><br>പട്ടികജാതി വകുപ്പിൽ 2011 മുതൽ ഓരോ വർഷവും പ്രഖ്യാപിച്ചതും വകയിരുത്തിയതും, വിതരണം ചെയ്തതുമായ വിദ്യാഭ്യാസ ആനുകൂല്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു.<br><br>**<u>പട്ടികവർഗ്ഗ വിഭാഗങ്ങൾ</u>**<br><br>2011-12 മുതൽ 2017-18 വർഷം പ്രഖ്യാപിച്ചതും സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയതുമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, ഇതിനായി കേന്ദ്ര സർക്കാർ അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിവരം അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു. |
| (സി) | ഈ സർക്കാർ പ്രഖ്യാപിച്ച സഹായങ്ങൾ എന്തെല്ലാം; എത്ര തുക ഇതിനായി വകയിരുത്തി; എത്ര തുക ചിലവാക്കി; വിശദാംശം ലഭ്യമാക്കുമോ? | (സി) | **<u>പട്ടികജാതി വിഭാഗങ്ങൾ</u>**<br><br>പട്ടികജാതി വകുപ്പിനു കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ വിദ്യാഭ്യാസാനുകൂല്യങ്ങ ൾക്ക് നൽകുന്ന തുക 25% വർദ്ധിപ്പിച്ചു. ബിരുദ/ബിരുദാനന്തര കലാ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന പരിശീലന ഉപകരണങ്ങൾ / ഉപാധികൾ വാങ്ങുന്നതിന് ധനസഹായം അനുവദിച്ചു. പഠനമുറി, വാത്സല്യനിധി എല്ലാ ജില്ലകളിലും വർക്കിംഗ് വുമൺസ് ഹോസ്റ്റൽ, ആൺകുട്ടികളുടെയും പെൺകുട്ടികളുടേയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നീ പുതിയ പദ്ധതികൾ ഈ സർക്കാർ 2017-18 ൽ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ വിവാഹ ധനസഹായം 50,000/- രൂപയിൽ നിന്നും 75,000/- രൂപയായി ഉയർത്തുകയും വിദേശ തൊഴിൽ ധനസഹായം 50,000/- രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. 2016-17, 2017-18 എന്നീ വർഷങ്ങളിൽ പട്ടികജാതി വികസനത്തിനായുള്ള പദ്ധതികൾക്ക് സർക്കാർ വകയിരുത്തിയ വിവരം അനുബന്ധം 5 ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | **<u>പട്ടികവർഗ്ഗ വിഭാഗങ്ങൾ</u>**<br><br>ഈ സർക്കാർ വന്നതിനുശേഷം പ്രഖ്യാപിച്ച സഹായങ്ങളിൽ അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദ വിവരം അനുബന്ധം 6 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്